പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.

**(ഹാജർ- എച്ച്. ദിനേശൻ ഐ.എ.എസ്)**

വിഷയം:- പഞ്ചായത്ത് വകുപ്പ്:-പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം- 01.01.2019 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോരിറ്റി പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 25/02/2021, 30.04.2022 തീയതികളിലെ ഇതേ നമ്പർ നോട്ടീസുകൾ.

**<u>ഉത്തരവ് നമ്പർ: PAN/2006/2021-E4(DP)തീയതി :21/11/2022</u>**

പഞ്ചായത്ത് വകുപ്പിൽ 01.01.2019 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ കരട് സീനിയോരിറ്റി പട്ടികയിന്മേൽ ആക്ഷേപങ്ങൾ ക്ഷണിച്ചുകൊണ്ട് പരാമർശ പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചു.

കരട് സീനിയോരിറ്റി പട്ടികയിന്മേൽ കൂട്ടിച്ചേർക്കലുകൾ, തിരുത്തലുകൾ, ഒഴിവാക്കലുകൾ, തുടങ്ങിയവ സംബന്ധിച്ച് ലഭ്യമായ ആക്ഷേപങ്ങളിൽ വസ്തുതാപരമായവ പരിഗണിച്ചും പരിഗണനാർഹമല്ലാത്തവ നിരസിച്ചും സ്ഥാനക്രമം സംബന്ധിച്ച് ആക്ഷേപം ഉന്നയിച്ച ജീവനക്കാരെ നേരിൽ കേട്ടും ഹിയറിംഗ് വേളയിൽ ജീവനക്കാർ സമർപ്പിച്ച രേഖകൾ പരിശോധിച്ചും 01.01.2019 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി പട്ടിക അന്തിമമാക്കി ഇതിനാൽ ഉത്തരവാകുന്നു. സീനിയോരിറ്റി പട്ടിക അനുബന്ധമായി ചേർക്കുന്നു.

**H. DINESHAN IAS**
പഞ്ചായത്ത് ഡയറക്ടർ

പകർപ്പ്

1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
2. എല്ലാ ജീവനക്കാർക്കും( പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന).
3. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.

കരുതൽ / അധികം

Signature Not Verified

Digitally signed by DINESHAN H
Date: 2022.11.21 13:18:16 IST
Reason: Approved